# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4563.

28..6..2013-ൽ മറുപടിക്ക്

## വെങ്ങാനൂർ ക്ഷീരോല്പാദക സംഘത്തിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) വെങ്ങാനൂർ ക്ഷീരോത്പാദക സംഘത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;<br><br>(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങളും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | (എ) & (ബി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ, ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ:<br>1. സംഘം ഭരണസമിതിയുടെ പ്രവർത്തനം രേഖകൾ പ്രകാരം തൃപ്തികരമല്ല.<br>2. പാൽ വ്യാപാരം പരിശോധിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംഭവിച്ചിട്ടുണ്ട്. പാൽ വ്യാപാരത്തിൽ ഈടാക്കേണ്ട തുക 3,18,672/- രൂപയാണ്.<br>3. കാലിത്തീറ്റ വിൽപനയിൽ വലിയ തുകകൾ കർഷകരിൽ നിന്നും സംഘത്തിന് ലഭിക്കേണ്ടതായി ഉണ്ട്. (Rs.5,82,803/-)<br>4. സംഘത്തിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. സംഘം ഫണ്ടിൽ നിന്നും 1,69,915/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>5. വിവിധ ഇനങ്ങളിലായി സംഘത്തിലേയ്ക്ക് വരാനുള്ള തുകകൾ ഈടാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കുന്നില്ല. (Rs.1,58,954.21/-). അപ്രകാരം ആകെ സംഘത്തിന് ലഭിക്കേണ്ടതായ തുക Rs.12,30,344/- ആണെന്ന് കണക്കാക്കിയിട്ടുണ്ട്.<br><br>എന്നിവയാണ് പരാമർശങ്ങൾ എന്നും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ നിന്ന് ലഭ്യമാക്കിയ വിശദീകരണത്തിന്മേൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.